**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 75** **16-09-2025 - ൽ മറുപടിയ്ക്ക്**

**പീഡനത്തിനിരയായ പെൺകുട്ടികൾ മരണമടഞ്ഞ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2017 - ൽ വാളയാറിൽ പീഡനത്തിനിരയായി രണ്ട് പെൺകുട്ടികൾ മരണമടഞ്ഞ കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; സി.ബി.ഐ. ചാർജ് ഷീറ്റിൽ എത്ര പ്രതികൾ ഉണ്ടെന്നും ആരൊക്കെയാണ് കേസിലെ പ്രതികളെന്നും എത്ര പ്രതികൾ ജുഡീഷ്യൽ കസ്റ്റഡിയിൽ ഉണ്ടെന്നും എത്ര പ്രതികൾക്ക് ജാമ്യം ലഭിച്ചിട്ടുണ്ടെന്നും ആരുടെയെങ്കിലും അറസ്റ്റ് കോടതി തടഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | വാളയാർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 43/2017, 240/2017 കേസുകൾ CBI-ക്ക് കൈമാറിയിരുന്നു. അന്വേഷണം പൂർത്തിയാക്കി CBI കോടതിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. CBI-അന്വേഷിച്ച് വരുന്ന കേസിന്റെ അധിക വിവരങ്ങൾ പോലീസിനു നൽകിയിട്ടില്ല. |
| (ബി) | വണ്ടിപ്പെരിയാറിൽ 2021 - ൽ ആറു വയസുകാരിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതിയെ വെറുതെ വിട്ട വിചാരണ കോടതിയുടെ വിധിക്കെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; മേൽ കേസിന്റെ വാദം ബഹു. ഹൈക്കോടതിയിൽ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര പ്രാവശ്യം കേസ് പരിഗണിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?മേൽ കേസിലെ സസ്പെൻഡ് ചെയ്യപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥനായ ഡി. വൈ. എസ്. പി.യ്ക്ക് പുനർനിയമനം നൽകിയോ; എവിടെയാണ് നിയമനം നൽകിയത്; എന്ത് വകുപ്പുതല നടപടിയാണ് സ്വീകരിച്ചത്? | (ബി) | പ്രതിയെ വെറുതെ വിട്ട വിചാരണ കോടതിയുടെ വിധിക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ Crl.A 03/2024 നമ്പറായി അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കേസിൽ ബഹു. ഹൈക്കോടതിയിൽ വാദം തുടങ്ങിയിട്ടില്ല.<br><br>അന്വേഷണ ഉദ്യോഗസ്ഥന് തൃശ്ശൂർ കൺട്രോൾ റൂമിൽ ഇൻസ്പെക്ടറായാണ് പുനർനിയമനം നൽകിയത്. വാച്യാന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ "Censure" നൽകി അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ